**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**വഞ്ചിയൂർ പി ഒ, തിരുവനന്തപുരം പിൻ – 695035**

**ഫോൺ. 0471-2302490, 2303025**

**ഇ മെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ് : www.dhs.kerala.gov.in**

---

**തിരുവനന്തപുരം, ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ നീതു. എൻ. എസ്, കാഷ്വിലിറ്റി മെഡിക്കൽ ഓഫീസർ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. എ5- 3165/2021/ജിമെആ വയനാട് തീയതി. 16.07.2021
2. ഇഎ4- 46297/2021/ആവഡ തീയതി. 21.05.2022
3. നം. DHS/8718/2023-EA4 (38) തീയതി. 08.10.2024
4. ഉത്തരവ് നം. DHS/8718/2023-EA4 തീയതി. 17.12.2024.

**ഉത്തരവ് നം. DHS/8718/2023-EA4 (38) തീയതി.07-02-2025**

ഡോ നീതു. എൻ. എസ് (Dr Neethu N S), 03.12.2019 ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. കണ്ണൂർ ഇരിക്കൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കാഷ്വിലിറ്റി മെഡിക്കൽ ഓഫീസർ ആയി സേവനത്തിൽ തുടരവെ 01.06.2020 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകുകയും പരാമർശം (3) പ്രകാരം 21.10.2024 ന് മുൻപായി എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയതിന് അവസരം നൽകുകയും ചെയ്തിരുന്നു. പരാമർശം (2) ലെ കത്ത്, പരാമർശം (3), എന്നിവയോട് ടിയാൾ

പ്രതികരിച്ചിട്ടില്ല.

(2) ടി സാഹചര്യത്തിൽ പ്രസ്തുത കാരണം കാണിക്കൽ നോട്ടീസുമായി ബന്ധപ്പെട്ട് എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ **23.12.2024** തീയതിയ്ക്കു മുമ്പായി ആരോഗ്യവകുപ്പ് ഡയറക്ടറെ രേഖാമൂലം ബോധിപ്പിക്കുന്നതിന് അവസരം നൽകി നോട്ടീസിന്റെ പകർപ്പ് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ആയതിനോടും ഡോ നീതു. എൻ. എസ് പ്രതികരിച്ചിട്ടില്ല.

(3) **01.06.2020** മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ നീതു. എൻ. എസ് ന്റെ വർക്ക് ആന്റ് കോണ്ടക്ട് (**work and conduct**) തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(4) ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ഡോ നീതു. എൻ. എസ് കാഷ്വലിറ്റി മെഡിക്കൽ ഓഫീസറുടെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 07-02-2025 11:24:18

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Neethu N S,**

**Nellikkal Veluthedathu (H), Valillapuzha (PO),**

**Arecode, Malappauram- 673639.**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
കണ്ണൂർ.
3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,
സാമൂഹികാരോഗ്യ കേന്ദ്രം ഇരിക്കൂർ, കണ്ണൂർ.
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ഫയൽ